Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)26778 /2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 25.6.2013

# സർക്കുലർ നമ്പർ 41/13

വിഷയം:- സഹകരണ വകുപ്പ് – തദ്ദേശ സ്വയം ഭരണവകുപ്പുവഴി നടപ്പിലാക്കുന്ന ഇ.എം.എസ് ഭവനപദ്ധതി-അധിക സാമ്പത്തിക സഹായം-വായ്പയുടെ പലിശ നിരക്ക് വർദ്ധിപ്പിച്ചതു സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 58/2008 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 44/2009 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 3/2010 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 25/2010 നമ്പർ സർക്കുലർ.
5. സഹകരണ സംഘം രജിസ്ട്രാറുടെ 32/2011 നമ്പർ സർക്കുലർ.
6. സഹകരണ സംഘം രജിസ്ട്രാറുടെ 68/2011 നമ്പർ സർക്കുലർ.
7. സഹകരണ സംഘം രജിസ്ട്രാറുടെ 16/2012 നമ്പർ സർക്കുലർ
8. സർക്കാരിന്റെ 07.12.2011 ലെ സ.ഉ.(എം.എസ്)നമ്പർ.306/11 ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.
9. സർക്കാരിന്റെ 20.03.12 ലെ സ.ഉ.(ആർ.റ്റി)നം.819/12/ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.
10. സർക്കാരിന്റെ 26.4.13 ലെ സ.ഉ.(എം.എസ്) നം.162/13 ത:സ്വ:ഭ:വ. നമ്പർ ഉത്തരവ്.

തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതിയുടെ നടത്തിപ്പിനായി പരമാവധി ധനസഹായം ലഭ്യമാക്കുവാൻ സഹ കരണ മേഖലക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. വായ്പ അനുവദിക്കുന്നതു സംബന്ധിച്ചും തവണ തുക സമയ ബന്ധിതമായി നൽകുന്നതിനുമായി സൂചന 1 മുതൽ 7 വരെയുള്ള സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറ പ്പെടുവിച്ചിരുന്നു.

ഇപ്രകാരം നൽകിയ വായ്പയുടെ പലിശ യഥാസമയം ലഭ്യമാക്കുന്നതി നായി സൂചന 8,9 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഓരോ പാദത്തിലും നൽകേണ്ട പലിശയെത്രയെന്ന് കണക്കാക്കി അത് ബന്ധ പ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും മാറ്റി അതാതു ബാങ്കുകൾക്ക് അനുവദിച്ചു നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഗ്രാമ പഞ്ചായത്ത്) അസിസ്റ്റന്റ് ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ) (ബ്ലോക്ക് പഞ്ചായത്ത്) നഗരകാര്യ ഡയറക്ടർ (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) ഗ്രാമവികസന കമ്മീഷണർ (ജില്ലാ പഞ്ചായ ത്തുകൾ) എന്നിവരെ ചുമതലപ്പെടുത്തി സൂചന 8 പ്രകാരം ഉത്തരവുപുറപ്പെടുവി ച്ചിരുന്നു. മേൽ പ്രകാരം തുക അനുവദിക്കുവാൻ അനുവാദവും ചുമതലയും നൽകി സൂചന 9 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യ

ത്തിൽ ഓരോ സംഘത്തിനും, ബാങ്കിനും ലഭിക്കാനുള്ള തുകയുടെ ക്ലെയിം സ്റ്റേറ്റുമെന്റുകൾ മേൽ ചുമതലപ്പെട്ടവർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

ഇ.എം.എസ് ഭവന പദ്ധതിയുടെ പ്രയോജനം കൂടുതൽ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ധനസഹായം തുടർന്നും പ്രതീക്ഷിച്ചുകൊണ്ട് ഇ.എം.എസ് ഭവന പദ്ധതിക്കായി സഹകരണ ബാങ്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്ക് 11.25% ആയി പുതുക്കി നിശ്ചയിച്ച് സൂചന 10 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പദ്ധതിയുടെ നിർവ്വഹണ കാലയളവ് അവസാനിച്ചുവെങ്കിലും, തുടർന്നും സഹകരണസ്ഥാപനങ്ങളിൽ നിന്നും ഈ ആവശ്യത്തിലേക്ക് വായ്പ നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരുടേയും എല്ലാ സംഘം ചീഫ് എക്സിക്യൂട്ടീവ്മാരുടേയും ഭരണസമിതി അംഗങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും, പലിശ ക്ലെയിം മേൽ പ്രകാരം ചുമതലപ്പെട്ടവർ മുമ്പാകെ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്/-

കെ.ഗോപാലകൃഷ്ണ ഭട്ട്
സഹകരണസംഘം രജിസ്ട്രാർ